പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3735 30.01.2014 -ൽ മറുപടിക്ക്

കെ.എസ്.ആർ.റ്റി.സി.യിലെ പണിമുടക്ക്

ചോദ്യം

ശ്രീ. എം. ഉമ്മർ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഏതെങ്കിലും ട്രേഡ് യൂണിയനുകൾ 2014 ജനുവരി 17-ന് പണിമുടക്കിന് നോട്ടീസ് നൽകിയിരുന്നോയെന്നും എങ്കിൽ ഏതൊക്കെ സംഘടനകളാണെന്നും പണിമുടക്കിന് കാരണമായ ഡിമാന്റുകൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനയായ കെ.എസ്.ആർ.ടി.സി എംപ്ലോയീസ് അസോസിയേഷൻ മാത്രമാണ് 17.01.2014-ന് ഒരു ദിവസത്തെ സൂചനാ പണിമുടക്കിന് നോട്ടീസ് നൽകിയിരുന്നത്. പണിമുടക്കിനാധാരമായി ടി സംഘടന ഉന്നയിച്ച 10 കാരണങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | എങ്കിൽ അതുപ്രകാരം ജീവനക്കാർ പണിമുടക്കിയോ; ഇല്ലെങ്കിൽ പണിമുടക്കിൽനിന്ന് സ്വമേധയാ യൂണിയനുകൾ പിൻമാറിയിരുന്നുവോ ; | (ബി) | 07.01.2014-ന് അംഗീകൃത തൊഴിലാളി സംഘടനകളുമായി മാനേജ്മെന്റ് തലത്തിൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി എംപ്ലോയീസ് അസോസിയേഷൻ പണിമുടക്കിൽ നിന്നും സ്വമേധയാ പിൻമാറുകയായിരുന്നു. |
| (സി) | പ്രസ്തുത പണിമുടക്ക് പ്രഖ്യാപിച്ചത് മുതൽ അതിൽനിന്ന് പിൻമാറുന്നതുമായി ബന്ധപ്പെട്ട് അവരുടെ ഡിമാന്റിന്മേൽ എന്തെങ്കിലും ഉറപ്പ് സർക്കാർ നൽകിയിരുന്നോ ; | (സി) | നൽകിയിരുന്നു. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ എന്തെല്ലാം ഉറപ്പുകളാണ് നൽകിയതെന്ന വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | പണിമുടക്കിനാധാരമായി ഉന്നയിച്ച വിഷയങ്ങളിൽ 07.01.2014-ന് മാനേജ്മെന്റ് തലത്തിൽ നടത്തിയ ചർച്ചയിൽ തീരുമാനമാകാത്ത എംപാനൽ / സി.എൽ.ആർ വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്ന വിഷയം ഗതാഗത വകുപ്പു മന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിഭാഗം എംപാനൽ / സി.എൽ.ആർ ജീവനക്കാരുടേയും പ്രതിദിന വേതനം 01.02.2014 മുതൽ 20/- രൂപ വീതം വർദ്ധിപ്പിച്ച് നൽകുമെന്ന് ഉറപ്പ് നൽകി. 07.01.2014-ന് നടന്ന ചർച്ചയുടെ മിനിറ്റ്സ് അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

## അനുബന്ധം - I

1. പ്രമോഷൻ / ട്രാൻസ്ഫർ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുക. അപാകതകൾക്ക് കാരണക്കാരായ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുക. കരാർ വ്യവസ്ഥകൾ പാലിക്കുക.

2. അർഹരായ ഡ്രൈവർ / മെക്കാനിക്കൽ വിഭാഗം ജീവനക്കാർക്ക് സ്ഥലംമാറ്റം അനുവദിക്കുക. നടപടിയുടെ ഭാഗമായി സ്ഥലംമാറ്റിയവർക്ക് 6 മാസം കഴിഞ്ഞാൽ അവരുടെ യൂണിറ്റുകളിലേക്ക് സ്ഥലംമാറ്റം അനുവദിക്കുക. സ്ഥലംമാറ്റങ്ങളിലെ അഴിമതിയും കൈക്കൂലിയും അവസാനിപ്പിക്കുക.

3. വരുമാന വർദ്ധനവിന് ട്രേഡ് യൂണിയനുകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ അട്ടിമറിച്ച് ജോലിഭാരം വർദ്ധിപ്പിക്കുവാനുള്ള നീക്കം അവസാനിപ്പിക്കുക. സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുക. പുതിയ ബസുകൾ നിരത്തിലിറക്കുക.

4. എംപാനൽ / സി.എൽ.ആർ വേതനം വർദ്ധിപ്പിക്കുക.

5. കുടിശ്ശിക ക്ഷാമബത്ത ഉടനെ അനുവദിക്കുക.

6. കണ്ടക്ടർ നിയമനം കാലതാമസം ഒഴിവാക്കുക നിയമനം സുതാര്യമാക്കുക വനിതകൾക്ക് ഏറ്റവും അടുത്ത യൂണിറ്റിൽ നിയമനം നൽകുക.

7. പെൻഷൻ പൂർണ്ണമായും യഥാസമയം തന്നെ വിതരണം ചെയ്യുക.

8. ഇ.ടി.എം അനുവദിക്കുക.

9. ഡ്രൈവർ / മെക്കാനിക്കൽ വിഭാഗം ജീവനക്കാരിൽ നിന്നും അന്യായമായി കോസ്റ്റ് ഓഫ് ഡാമേജ് ഈടാക്കുന്നത് അവസാനിപ്പിക്കുക. കോൺഫറൻസ് തീരുമാനം നടപ്പിലാക്കുക.

10. മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഒഴിവു നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

(signature)
സെക്ഷൻ ഓഫീസർ